നോക്കുമ്പോൾ ബഹു. ശ്രീ. കുട്ടി അഹമ്മദ് കുട്ടി പറഞ്ഞതുപോലെ മലപ്പുറം ജില്ലയിൽ സിസ്റ്റത്തിന്റെ അപര്യാപ്തത ഉണ്ടെന്നുള്ള കാര്യം ഗവണ്മെന്റിന്റെ പരിശോധനയിൽ മനസ്സിലായിട്ടുണ്ട്. മലപ്പുറം ജില്ലയിലെ വൈദ്യുതിവിതരണത്തിൽ ഉണ്ടാകുന്ന തടസ്സങ്ങൾക്കും വോൾട്ടേജ് ക്ഷാമത്തിനും പ്രധാന കാരണം നിലവിലുള്ള പ്രസരണ മേഖലകളുടേയും സബ്സ്റ്റേഷനുകളുടേയും ഓവർലോഡാണ്. ഇത് പരിഹരിക്കുന്നതിന് ഒരു ബൃഹത്തായ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. 18 പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിച്ചും 4 സബ്സ്റ്റേഷനുകൾ 110 കെ.വി. ആക്കി ഉയർത്തിയും ലൈൻ ശേഷി വർദ്ധിപ്പിച്ചും മലപ്പുറത്തെ വൈദ്യുതി പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള സത്വര നടപടികൾ ബോർഡ് സ്വീകരിച്ചു വരുകയാണ്. പൊന്നാനി, ചേളാരി, പരപ്പനങ്ങാടി കുറ്റിപ്പുറം, മേലാറ്റൂർ എന്നീ 110 കെ.വി. സബ്സ്റ്റേഷനുകൾ കൂടാതെ മലപ്പുറത്ത് 220 കെ.വി. സബ്സ്റ്റേഷൻ, എടക്കര 66 കെ.വി സബ്സ്റ്റേഷൻ. ഇവ സമയബന്ധിതമായി ചെയ്തുതീർക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. കനേഡിയൻ അന്താരാഷ്ട്ര വികസന ഏജൻസിയുടെ സാമ്പത്തിക സഹായത്തോടെ മലപ്പുറം, എടരിക്കോട്, തിരൂർ, ഷൊർണ്ണൂർ, കൂറ്റനാട്, എടപ്പാൾ എന്നീ 66 കെ.വി. ലൈനുകളും അനുബന്ധ 66 കെ.വി. സബ്സ്റ്റേഷനുകളായ എടരിക്കോട്, തിരൂർ, എടപ്പാൾ, കൂറ്റനാട്, എന്നിവയും 110 കെ.വി. ആക്കുവാൻ ലക്ഷ്യമിട്ട് പണി നടന്നുവരുകയാണ്. എടപ്പാൾ സബ്സ്റ്റേഷനിൽനിന്നും തിരൂർ സബ്സ്റ്റേഷനിലേക്ക് ഒരു 110 കെ.വി. പ്രസരണ ലൈൻ നിർമ്മാണവും പുരോഗമിച്ചുവരുന്നുണ്ട്. അരീക്കോട് 220 കെ.വി. സബ്സ്റ്റേഷനിൽ നിന്നും കീഴിശ്ശേരി സബ്സ്റ്റേഷൻ വഴി എടരിക്കോട് സബ്സ്റ്റേഷനിലേക്ക് 110 കെ.വി. ഡബിൾ സർക്യൂട്ട് ലൈൻ നിർമ്മാണവും നടന്നുവരുന്നുണ്ട്. ഇതിനുപുറമെ വള്ളുവമ്പ്രം, എടവണ്ണ, പുലാമന്തോൾ, ചക്കരപ്പറമ്പ്, പുന്നയൂർക്കുളം, തിരുനാവായ, തൃക്കണ്ണാപുരം, താഴെക്കാട്, വണ്ടൂർ, ചേളാരി, എന്നീ കേന്ദ്രങ്ങളിൽ 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ തിരൂരങ്ങാടിയിലെ കക്കാട് 66 കെ.വി. സബ്സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ട്. വിതരണരംഗത്തും വിവിധ വോൾട്ടേജ് ഇംപ്രൂവ്മെന്റ് ജോലികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. ഈ ജോലികളെല്ലാം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നിർദ്ദേശിക്കുന്നുണ്ട്. ഇവ പൂർത്തിയാക്കുന്നതോടുകൂടി മലപ്പുറം ജില്ലയിലെ വോൾട്ടേജ് ക്ഷാമത്തിനും വൈദ്യുതി തകരാറിനും ശാശ്വത പരിഹാരം ഉണ്ടാകുന്നതാണ്.

(5) കടൽത്തീര സംരക്ഷണത്തിനാവശ്യമായ കടൽഭിത്തി നിർമ്മാണം

<u>ശ്രീ. പി. വിശ്വൻ</u> : കാലവർഷം ശക്തിപ്പെടുന്നതോടുകൂടി എന്റെ മണ്ഡലത്തിന്റെ 38 കിലോമീറ്റർ ദൂരത്ത് കടലാക്രമണം ശക്തിപ്പെട്ടിരിക്കുകയാണ്. ഈ വിഷയം രാവിലെ ചോദ്യോത്തരസമയത്ത് മന്ത്രി കുറെ വിശദീകരിച്ചിട്ടുണ്ട്. ഞാനിവിടെ പറയാൻ ആഗ്രഹിക്കുന്നത് കടൽഭിത്തി കെട്ടുകയെന്നതു മാത്രമേ ഇതിന് പോംവഴിയുള്ളൂ. കടൽത്തൊഴിലാളികൾ ഉത്കണ്ഠയിലാണ്. 38 കിലോമീറ്റർ വരുന്ന എന്റെ കടലോരത്ത് വാസ്കോഡിഗാമ വന്നെത്തിയ കാപ്പാട് മുതൽ കുഞ്ഞാലിമരയ്ക്കാരുടെ കോട്ടയ്ക്കൽ വരെയുള്ള പ്രദേശത്ത് കുറെ മേഖലകളിൽ കടൽഭിത്തി കെട്ടിയിട്ടുണ്ട്. കുറെ മേഖലയിൽ കടൽഭിത്തിയില്ല. കടൽഭിത്തിയില്ലാത്ത ഗ്യാപ്പിലൂടെ കടൽ അടിച്ചു കയറിയിട്ട് മൈലുകളോളം കര എടുത്തുകഴിഞ്ഞിരിക്കുകയാണ്. ആയിരക്കണ

LIBRARY ARCHIVES Kerala Legislative Assembly

ക്കിന് കുടുംബങ്ങൾക്ക് വലിയ ഭീതിയായി മാറിയിരിക്കുകയാണ്. അടിയന്തിര മായി സർക്കാർ ഇടപെട്ട് കടൽഭിത്തിയില്ലാത്ത മേഖലകളിൽ കടൽഭിത്തി കെട്ടാനുള്ള നടപടിയെടുക്കേണ്ടതായിട്ടുണ്ട്. എന്നാൽ മാത്രമേ കടലോരത്തെ രക്ഷിക്കാനാവൂ. അതിന് ആവശ്യമായ നടപടിയെടുക്കാൻ സർക്കാർ മുന്നോട്ടു വരണമെന്ന് അഭ്യർത്ഥിക്കാനാണ് ഞാൻ ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണ പിള്ള) : കേരളത്തിലെ കടൽത്തീരത്തിന് 560 കിലോമീറ്റർ നീളമുണ്ട്. ഈ സംസ്ഥാനത്തിന്റെ കടൽത്തീരം കാലവർഷക്കാലത്ത് വളരെ രൂക്ഷമായി കട ലാക്രമണത്തിന് ഇരയാകുന്നുണ്ട്. കേരളം ജനസാന്ദ്രതയിൽ മുന്നിട്ട് നിൽക്കുന്ന സംസ്ഥാനമായതുകൊണ്ട് .വനാതിർത്തി മുതൽ കടൽത്തീരം വരെ വീടുകൾ വച്ച് താമസിക്കുന്നു. വർഷക്കാലത്തുണ്ടാകുന്ന കടലാക്രമണം മൂലം വീടുകൾക്കും കൃഷികൾക്കും പലപ്പോഴും വൻ നഷ്ടങ്ങൾ സംഭവി ക്കുന്നു. ഇതിന് ഒരു പരിഹാരമായാണ് തീരപ്രദേശത്ത് സംരക്ഷണ പരിപാടി ആസൂത്രണം ചെയ്തു നടപ്പാക്കാൻ തുടങ്ങിയത്. തീരസംരക്ഷണത്തിനായി പലവിധത്തിലുള്ള പ്രതിരോധ പരിപാടികൾ രൂപകൽപ്പന ചെയ്ത് പരീക്ഷി ക്കുകയും നിരീക്ഷിക്കുകയും ചെയ്തിട്ട് ഏറ്റവും ഫലപ്രദമായുള്ള കടൽഭിത്തിനിർമ്മാണത്തിന് പ്രാമുഖ്യം നൽകുകയും ചെയ്തിട്ടുണ്ട്. കടലാ ക്രമണ നിരോധന പ്രവർത്തനം ഫലപ്രദമായി നടത്തുന്നതിന് ഭീമമായ തുക ആവശ്യമാണ്. സംസ്ഥാന സർക്കാരിന്റെ സാമ്പത്തികസ്ഥിതി തുലോം അപ ര്യാപ്തമാണ്. 1999-2000 സാമ്പത്തികവർഷത്തിൽ കടലാക്രമണം തടയുന്ന തിനും പുതിയ പണികൾക്കും 5.619 കോടി രൂപയും അറ്റകുറ്റപണികൾക്ക് 5.139 കോടി രൂപയുമാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. 1992-1993 സാമ്പത്തികവർഷം മുതൽ ഇതിന് കേന്ദ്രസഹായം നിർത്തലാക്കി. 560 കിലോമീറ്റർ കടൽത്തീരത്ത് 448.2 കിലോമീറ്ററാണ് രൂക്ഷമായ കടലാക്രമണ ത്തിന് വിധേയമായിട്ടുള്ളത്. ഇതിന് നാളിതുവരെ 360.78 കിലോമീറ്റർ ദൂര ത്തിൽ മാത്രമേ കടൽഭിത്തി നിർമ്മിച്ചിട്ടുള്ളൂ. ബാക്കി 87.42 കിലോമീറ്റർ ഇനിയും കടൽ ഭിത്തികെട്ടി സംരക്ഷിക്കാനുണ്ട്. നിലവിലുള്ള കടൽഭിത്തി മുഴുവൻ കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ ചെയ്ത് സംരക്ഷിക്കുന്നതിന് സർക്കാരിന്റെ സാമ്പത്തികസ്ഥിതി അനുവദിക്കുന്നില്ല. എങ്കിലും കഴിയുന്നത്ര അറ്റകുറ്റപ്പണികൾ ചെയ്ത് അവയെ സംരക്ഷിച്ചുപോരുന്നുണ്ട്. കൂടാതെ സംസ്ഥാന സർക്കാരിന്റെ സാമ്പത്തികപരിമിതിയിൽ നിന്നുകൊണ്ടു തീരദേശ സംരക്ഷണത്തിനുവേണ്ടി പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനുവേണ്ടി അടിയന്തിര നടപടി സ്വീകരിച്ചു വരുന്നു. എല്ലാ വർഷവും കാലവർഷത്തോട നുബന്ധിച്ച് ഉണ്ടായിക്കൊണ്ടിരിക്കുന്ന കടലാക്രമണത്തെ അതിജീവിക്കുന്ന തിലേയ്ക്കായി അടുത്ത നാലു വർഷം കൊണ്ടു പൂർത്തിയാക്കേണ്ട 86 കിലോ മീറ്റർ പുതിയ കടൽഭിത്തിയും 37.4 കിലോമീറ്റർ ദൂരമുള്ള കടൽഭിത്തിയുടെ പുനരുദ്ധാരണവും ഉൾക്കൊള്ളിച്ചുകൊണ്ട് 307.7 കോടി രൂപയുടെ "പ്രൊട്ടക്ഷൻ ഓഫ് കേരളാ സീകോസ്റ്റ്" എന്ന പേരിൽ ഒരു പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിന് കേന്ദ്ര ഗവണ്മെന്റ് അംഗീകാരവും സാമ്പത്തികസഹായവും ലഭ്യമാക്കേണ്ടതുണ്ട്. ഈ പ്രോജക്ട് യാഥാർത്ഥ്യമാകുന്നതോടെ സംസ്ഥാനത്തിന് കാലവർഷത്തോടനുബന്ധിച്ച് ഉണ്ടാകുന്ന കടലാക്രമണംമൂലം ഉണ്ടാകുന്ന ദുരിതങ്ങൾ ഏറെക്കുറെ പരിഹ രിക്കാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly